# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1931   25.03.2013-ൽ മറുപടി

### ഫോൺ ചോർത്തൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര വ്യക്തികളുടെ ഫോണുകൾ ചോർത്തുന്നതിനാണ് അനുവാദം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;<br><br>ബി) നിലവിൽ എത്ര വ്യക്തികളുടെ ഫോൺ സംഭാഷണം ചോർത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;<br><br>സി) ഏതെല്ലാം വ്യക്തികളുടെ ഫോണുകളാണ് ചോർത്തൽ അനുമതി നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | (എ), (ബി) & (സി)<br>1885 - ലെ ഇന്ത്യൻ ടെലഗ്രാഫ് ആക്ടിലെ വകുപ്പ് 5(2), 2000 - ലെ ഇൻഫർമേഷൻ ടെക്നോളജി ആക്ടിലെ വകുപ്പ് 69 എന്നിവ പ്രകാരം പൊതുസുരക്ഷയും അടിയന്തിര സ്ഥിതിയും മുൻനിർത്തി രാജ്യത്തിന്റെ പരമാധികാരം, അഖണ്ഡത, ആഭ്യന്തര സുരക്ഷ, കുറ്റകൃത്യങ്ങൾ തടയൽ, പബ്ലിക് ഓർഡർ, കേസന്വേഷണം മുതലായ കാര്യങ്ങൾ പരിഗണിച്ച് ഇ - മെയിൽ, ഫോൺ എന്നിവ വഴിയുള്ള ആശയ വിനിമയങ്ങൾ പരിശോധിക്കേണ്ടത് അത്യാവശ്യമാണെന്ന് കണ്ടാൽ ക്ഷമതയുള്ള അധികാരിക്ക് പരിശോധനയ്ക്ക് അനുമതി നല്കാവുന്നതാണ്. ഇപ്രകാരം ബന്ധപ്പെട്ട നിയമ വ്യവസ്ഥകളും ചട്ടങ്ങളും കൃത്യമായി പാലിച്ചുകൊണ്ടാണ് സംസ്ഥാന ആഭ്യന്തര സെക്രട്ടറി ടെലഫോൺ വഴിയുള്ള ആശയ വിനിമയങ്ങൾ പരിശോധിക്കുന്നതിന് അനുമതി നൽകുന്നത്. അതീവ രഹസ്യ സ്വഭാവമുള്ളതായതിനാൽ വിശദാംശങ്ങൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ